# അക്കാദമിക്

## മാസ്റ്റർ പ്ലാൻ




## ജി എച്ച് ഡബ്യു
## എൽ പി എസ്
## കല്ലറ

# ആമുഖം

കല്ലറ ഗ്രാമപഞ്ചായത്തിന്റെ 13-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സ്കൂളാണ് കല്ലറ ഗവ. ഹരിജൻ വെൽഫെയർ എൽ. പി. സ്കൂൾ. ഹരിജനങ്ങൾ കൂടുതലായി അധിവസിച്ചിരുന്ന പ്രദേശമായിരുന്നു ഇത്. അവരുടെ വിദ്യാഭ്യാസ പുരോഗതിക്കായി സാമൂഹ്യപ്രവർത്തകരുടെ ശ്രമഫലമായി 1956-ൽ ഈ സ്കൂൾ സ്ഥാപിതമായി. 1957-ൽ ഈ വിദ്യാലയം ഗവൺമെന്റ് ഏറ്റെടുത്തു.

2019-ൽ അനുവദിച്ച M.P ഫണ്ട് (53 ലക്ഷം) ഉപയോഗിച്ച് എല്ലാ സൗകര്യങ്ങളോടും കൂടിയ ഇരുനില കെട്ടിടത്തിന്റെ നിർമ്മാണം 2021 ഒക്ടോബർ മാസം പൂർത്തികരിച്ച് നവംബർ 1-ാം തിയതി പുതിയ സ്കൂൾ കെട്ടിടത്തിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. പുതിയ കെട്ടിടം സ്കൂളിന്റെ ഭൗതികാന്തരീക്ഷത്തിന് മാറ്റുകൂട്ടി. ശിശു സൗഹൃദമായ പഠനമുറികളാണ് ഉള്ളത്.

## മലയാളം / പഠനപിന്നോക്കാവസ്ഥ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| • പുസ്തകം എന്റെ ചങ്ങാതി | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം. |
| • എന്റെ പിറന്നാൾ പുസ്തകം. | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു "പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച്. |
| • ഉച്ചഭാഷിണി വായന. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന. | ജൂൺ മുതൽ മാർച്ച്. |
| • സർഗ്ഗവേള | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ ചെറിയ ക്ലാസിൽ വായനകാർഡ്. | |
| • പതിപ്പ് തയ്യാറാക്കൽ | അസംബ്ലിയിൽ സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുന്നു. പതിപ്പ് തയ്യാറാക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം. |

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് എന്നി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
- "ഓരോ കുട്ടിയും ഒന്നാമനാണ്" എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
- ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കും.
- "വിദ്യാലയം ഒരു പാഠപുസ്തകം" എന്നാശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറും.
- ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിന ജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
- വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ കായിക പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- ലബോറട്ടറി, കമ്പ്യൂട്ടർ, ലൈബ്രറി എന്നിവ എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രാപ്തമാക്കുന്നു.
- കുട്ടികളുടെ പങ്കാളിത്തത്തോടെ സ്കൂൾ മുറ്റത്ത് മനോഹരമായ പൂന്തോട്ടം നിർമ്മിക്കുന്നു.
- വിദ്യാലയത്തിലെ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനോടൊപ്പം. വിഷരഹിതമായ പച്ചക്കറി എന്ന ലക്ഷ്യത്തോടെ പച്ചക്കറിത്തോട്ട നിർമ്മാണം.
- പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് ഉയർത്തുന്നതിനുവേണ്ടി "ഒപ്പത്തിനൊപ്പം" എന്ന പ്രവർത്തനം നടപ്പിലാക്കുക.

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഗണിത വർക്ക് ഷീറ്റ് തയ്യാറാക്കൽ | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ. | ഓരോ ടേമിന്റെയും തുടക്കത്തിൽ. |
| ഗണിതകേളികൾ ഗണിത ലാബ് | കുടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ. | ജൂൺ മുതൽ മാർച്ച് |

## ഇംഗ്ലീഷ്

| | | |
|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | അഴ്ചയിൽ ഒരു ദിനം കുടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | അഴ്ചയിൽ ഒരു ദിവസം. |
| ഇംഗ്ലീഷ് ഡയറി | ഓരോ ദിവസത്തെയും വീടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | അഴ്ചയിൽ ഒരു ദിവസം. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട്. |
| വായിക്കാം വളരാം വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ. പുസ്തക പരിചയം. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം, ആനുകാലിക വായന. | വർഷം മുഴുവൻ | HM<br>SRG<br>Class Teacher | PTA |
| എഴുതാം എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ. | വർഷം മുഴുവൻ. | SRG<br>Class Teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ ലേഖന ശേഷി വർധിപ്പിക്കൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher. | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം അറിവ് നിർമ്മാണം | വിവിധതരം അവാസവ്യവസ്ഥകൾ നിരീക്ഷിച്ച് ജീവികളുടെ ശാരീരിക പ്രത്യേകതകൾ പഠിക്കപ്പെടുത്തുന്നു. കുറിച്ച് തയ്യാറാക്കുന്നു. | ജൂൺ ജൂലൈ | SRG | ക്ലാസ് റൂം. |
| നിരീക്ഷണം വിവരശേഖരണം ചർച്ച എന്നിവ വിലൂടെ പാരസ്പര്യം ബന്ധം കണ്ടെത്തുന്നു. | ജീവിയ - അജീവിയ ഘടകങ്ങൾ പ്രകൃതിദത്ത മനുഷ്യനിർമ്മിത അവാസങ്ങൾ എന്നിവ താരതമ്യം ചെയ്യൽ, ഡിജിറ്റൽ ഡോക്യുമെന്റേഷൻ. | ജൂലൈ ഓഗസ്റ്റ് | SRG ക്ലാസ് ടീച്ചർ. | ക്ലാസ് റൂം. |
| ദേശസ്നേഹം വളർത്തൽ. | സ്വാതന്ത്ര്യത്തിനു മുമ്പും ശേഷവും ഉള്ള ഇന്ത്യയെക്കുറിച്ച് വിവരശേഖരണം നടത്തി ഡിജിറ്റൽ ഡോക്യുമെന്റേഷൻ തയ്യാറാക്കുന്നു. | ജൂലൈ - മാർച്ച് | SRG PTA | ദേശീയ ദിനങ്ങൾ അസംബ്ലി, ക്ലാസ് പി.ടി.എ. |